# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3641** 11-12-2018-ൽ
മറുപടി നൽകേണ്ടത്

## കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | : | **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |

| | |
|---|---|
| കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച് (കെ.സി.എച്ച്.ആർ) ഡയറക്ടർ സ്ഥാനത്തേക്ക് നിയമനം നടത്തുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഉണ്ട്. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച് (കെ.സി.എച്ച്.ആർ)-ൽ ഡയറക്ടർ നിയമനത്തിനായി പ്രൊഫ. കെ. എൻ. പണിക്കർ അദ്ധ്യക്ഷനായിരുന്ന എക്സിക്യൂട്ടീവ് കൗൺസിൽ അംഗീകരിച്ച യോഗ്യതകൾ അനുസരിച്ച് രണ്ട് പ്രാവശ്യം പരസ്യം ചെയ്തു എങ്കിലും യോഗ്യതയുള്ള ആരെയും ലഭ്യമായില്ല. ഈ പശ്ചാത്തലത്തിൽ പ്രൊഫ. രാജൻ ഗുരുക്കൾ (വൈസ് ചെയർമാൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ), ഡോ. ഉഷ റൈറ്റസ് (പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്), പ്രൊഫ. രവീന്ദ്രൻ ഗോപിനാഥ് (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി മെമ്പർ, എക്സിക്യൂട്ടീവ് കമ്മിറ്റി) ശ്രീമതി എം. എസ്. ജയ (ഡയറക്ടർ, കെ.സി.എച്ച്.ആർ), ചെയർപേഴ്സൺ കെ. സി. എച്ച്. ആർ, എന്നിവർ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയെ സെർച്ച് കമ്മിറ്റി ആയി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. അവരുടെ അന്വേ |

| | |
|---|---|
| | ഷണത്തിന്റെ ഭാഗമായി കോട്ടയം എം. ജി. യൂണിവേഴ്സിറ്റി, സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ അസോസിയേറ്റ് പ്രൊഫസറും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ക്ലെയർ ഹാളിലും, സെന്റർ ഓഫ് സൗത്ത് ഏഷ്യൻ സ്റ്റഡീസിലും സ്മട്ട്സ് വിസിറ്റിംഗ് ഫെലോ ഇൻ കോമൺ വെൽത്ത് സ്റ്റഡീസുമായ ഡോ. പി. സനൽമോഹനെ തിരഞ്ഞെടുക്കുകയും ചെയ്തു. 19.12.2017-ലെ എക്സിക്യൂട്ടീവ് കൗൺസിലിൽ ഈ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**